(സി)	1.	വിദ്യാഭ്യാസം	27,584	3	0
	2.	വൈദ്യസഹായം	40,198	13	0
	3.	ക്ഷേമകേന്ദ്രങ്ങൾ	33,715	11	7
	4.	സ്ഥാപനങ്ങൾക്കു ഗ്രാൻറ്	13,450	0	0
	5.	ശമ്പളം	11,377	13	0

UNSTARRED QUESTIONS AND ANSWERS.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം.

117. [1] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറ ഇപ്പോഴത്തെ കാര്യക്ഷമമല്ലാത്ത പ്രവർത്തനങ്ങളെ സംബന്ധിച്ച് 1955 ജൂൺ ആദ്യവാരത്തോടുകൂടി സംസ്ഥാനം സന്ദർശിച്ച കോദണ്ഡറാവുവിൻെറ പത്രപ്രസ്താവന ഗവണ്മെൻറിൻെറ അടിയന്തിരശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോഴത്തെ ഡയറക്ടർക്കുള്ള പ്രത്യേക യോഗ്യതകൾ എന്തെല്ലാം; കാര്യക്ഷമതയോ ഉന്നതവിദ്യാഭ്യാസമോ ഏതാണ് തികഞ്ഞ യോഗ്യതയായി പരിഗണിക്കുന്നത്?

ഉത്തരം.

(എ) ശ്രീ. കോദണ്ഡറാവു ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറ കാര്യക്ഷമമല്ലാത്ത പ്രവർത്തനങ്ങളെ സംബന്ധിച്ച് യാതൊരു പത്രപ്രസ്താവനയും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ അദ്ദേഹം പറഞ്ഞതായി പ്രസിദ്ധപ്പെടുത്തിയ ഒരു പത്രപ്രസ്താവന ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ബനാറീസ് സർവ്വകലാശാല ബി. എസ്സി (മെക്കാനിക്കൽ എൻജിനീയറിംഗ്) ഡിഗ്രി, ടാറ്റാ കമ്പനിയിൽ 10 വർഷം അസ: എൻജിനീയറായും, ബോംബെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ രണ്ടുവർഷം മെത്തേഡ്സ് എൻജിനീയറായും ഉദ്യോഗം വഹിച്ചിട്ടുണ്ട്. കാര്യക്ഷമതയും ഉന്നതവിദ്യാഭ്യാസവും തികഞ്ഞ യോഗ്യതയായി പരിഗണിക്കുന്നു.

ആയുർവ്വേദാശുപത്രി.

118. [2] ശ്രീ. പി. എം. മക്കോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജയപുരത്ത് യാതൊരു വൈദ്യസഹായസ്ഥാപനവുമില്ലാത്ത അയർക്കുന്നത്ത് ഒരു ആയുർവ്വേദാശുപത്രി സ്ഥാപിച്ചു കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് അയർക്കുന്നം പഞ്ചായത്ത് പ്രസിഡൻറുൾപ്പെടെ പൊതുജനങ്ങളുടെ നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറ് എന്തു തീരുമാനം ചെയ്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly